# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3730 11/11/2019-ലെ മറുപടിക്ക്**

## പറമ്പിക്കുളം-ആളിയാർ നദീജല കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അറുപത് വർഷം പഴക്കമുള്ള പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യാൻ കേരളവും തമിഴ്നാടും സംയുക്തമായി തീരുമാനിക്കുകയുണ്ടായോ; | എ) | അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25/09/2019 ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പി.എ.പി കരാർ പുനരവലോകനം ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. |
| (ബി) എങ്കിൽ ഇതിനായി സംസ്ഥാന സെക്രട്ടറിതല കമ്മിറ്റിക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;<br>&<br>(സി)എങ്കിൽ കമ്മറ്റിയുടെ ഘടന എന്താണെന്നും എന്തൊക്കെ കാര്യങ്ങളാണ് പ്രധാനമായും ചർച്ചയ്ക്ക് വിധേയമാകുകയെന്നും വ്യക്തമാക്കുമോ? | ബി) & സി) | കേരളവും തമിഴ്നാടും തമ്മിലുള്ള അന്തർ സംസ്ഥാന നദീജല വിഷയങ്ങൾ സംബന്ധിച്ച് 25/09/2019 ന് തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ പറമ്പിക്കുളം - ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി, രണ്ട് സംസ്ഥാനങ്ങളിലെയും 5 ഉദ്യോഗസ്ഥർ വീതമുള്ള ഒരു പത്തംഗ സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൽ ഉൾപ്പെടുത്തുന്നതിനായി കേരളത്തിന്റെയും തമിഴ്നാടിന്റെയും അംഗങ്ങളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. സംയുക്തകമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത കമ്മിറ്റി ചുവടെ ചേർക്കുന്ന കാര്യങ്ങളാണ് പ്രധാനമായും പരിഗണിക്കുക.<br>i) പറമ്പിക്കുളം - ആളിയാർ പ്രോജക്ട് കരാർ പുനരവലോകനം<br>ii)ആനമലയാർ വഴി 2.5 ടി.എം.സി വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം;<br>iii) പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ- |

| | |
|---|---|
| | നല്ലാർ ഡൈവേർഷൻ;<br>iv) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ |

**സെക്ഷൻ ഓഫീസർ**